# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **791** **17.07.2014**-ൽ മറുപടിക്ക്

## 'എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഹോമിയോ ആശുപത്രികൾ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ.മാധവൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ, ഹോമിയോ ആശുപത്രികൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) പരിഗണനയിലുണ്ട്. സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിലേക്ക് 1 കോടി രൂപയും പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിലേക്ക് 70 ലക്ഷം രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ അധിവസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സാംക്രമിക രോഗ പ്രതിരോധത്തിന് ഹോമിയോപ്പതിയുടെ തനത് പ്രതിരോധ മരുന്നുകളും ചികിത്സയും നൽകുക, സ്ത്രീകളുടെ സാന്ത്വന ചികിത്സ (സീതാലയം), കുട്ടികളുടെ ആരോഗ്യ / സാന്ത്വന ചികിത്സ (കൗമാര ആരോഗ്യ പരിചരണം), അമ്മയുടെയും കുഞ്ഞിന്റെയും |

ആരോഗ്യ പരിപാലനം, വയോജന പരിപാലനം, സ്പെഷ്യാലിറ്റി കെയർ സെന്ററുകളുടെ സേവനം , ജീവിതശൈലീ രോഗ ചികിത്സയ്ക്കും പ്രതിരോധത്തിനുമായി ആയുർവേദം, ഹോമിയോ, പ്രകൃതി ജീവനം, യോഗ എന്നീ ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ തുടങ്ങിയ വിവിധ പദ്ധതികൾ ഹോമിയോ ആശുപത്രികളിലൂടെയും ഡിസ്പെൻസറികളിലൂടെയും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്: വിശദമാക്കുമോ;

(സി) ആയുർവേദ, ഹോമിയോപ്പതി വകുപ്പുകളുടെയും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണം ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) സംസ്ഥാനത്ത് പുതുതായി 25 ആയുർവേദ ഡിസ്പെൻസറികളും 50 ഹോമിയോ ഡിസ്പെൻസറികളും തുടങ്ങുന്നതിലേക്ക് ആയുർവേദ, ഹോമിയോ വകുപ്പ് ഡയറക്ടർമാർ ലഭ്യമാക്കിയ പ്രൊപ്പോസലുകളിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Deepu

**സെക്ഷൻ ഓഫീസർ**